26-12-2021

**SUNDAY** **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 26/12/2021

1. പച്ചക്കറികളുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ വിപണി ഇടപെടലുകളുടെ ഭാഗമായി കൃഷിവകുപ്പ് ന്യായവിലയ്ക്ക് പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് ഉപഭോക്താക്കൾക്ക് എത്തിക്കുന്ന പുതിയ സംരംഭമായ **തക്കാളി വണ്ടി** നടപ്പിലാക്കി. ഒരു കിലോ തക്കാളി 50 രൂപയ്ക്കും മിതമായ നിരക്കിൽ മറ്റു പച്ചക്കറികളും തക്കാളി വണ്ടിയിലൂടെ വില്പന നടത്തുന്നതായിരിക്കും. ഒരു ജില്ലയിൽ രണ്ട് വണ്ടി എന്ന തോതിൽ 28 വണ്ടികൾ സംസ്ഥാനത്ത് ഓടിത്തുടങ്ങി. വിപണിയിലെ വില കുറയുന്നതിനനുസരിച്ച് ഉൽപ്പന്നങ്ങളുടെ വില കുറയുന്നതായിരിക്കും. എന്നാൽ വിപണി വില വർദ്ധിക്കുമ്പോൾ, കൃഷിവകുപ്പ് വിപണികളിൽ വില വ്യത്യാസമില്ലാതെ തുടരുന്നതാണ്.

2. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും റാബി 2021 സീസണിൽ കർഷകർക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **ഡിസംബർ 31** ആണ്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി, തിന മുതലായവ), പച്ചക്കറികൾ (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. ആയതിനാൽ പദ്ധതികളിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ അവസാന തീയതിക്കുമുമ്പ് തന്നെ ഏറ്റവും അടുത്തുള്ള അക്ഷയ/സിഎസ്‌സി കേന്ദ്രങ്ങൾ, അംഗീകൃത മൈക്രോ ഇൻഷുറൻസ് ഏജന്റുകൾ എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്. അപേക്ഷയോടൊപ്പം നിശ്ചിത പ്രീമിയവും ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, നികുതി/പാട്ടച്ചീട്ട് എന്നിവയുടെ കോപ്പികളും സമർപ്പിക്കേണ്ടതാണ്. കർഷകന് നേരിട്ട് ഓൺലൈനായും www.pmfby.gov.in എന്ന പോർട്ടൽ മുഖാന്തിരം ചേരാവുന്നതാണ്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്തിട്ടുള്ള കർഷകരെ അതാത് ബാങ്കുകൾക്ക് ചേർക്കാവുന്നതാണ്. ഇതിനായി കർഷകർ പ്രത്യേകം

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

അപേക്ഷാഫോറം സമർപ്പിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് ഏറ്റവും അടുത്തുള്ള കൃഷിഭവനുമായോ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ റീജിയണൽ ഓഫീസുമായോ **1800 –425–7064** എന്ന ടോൾ ഫ്രീ നമ്പരുമായോ ബന്ധപ്പെടേണ്ടതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധ തരം അച്ചാറുകൾ, ജാം, പഴംഹൽവ തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടുതൽ വിവരങ്ങൾക്ക് **0487 – 2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmannuthy@kau.in എന്ന മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

4. കേരള കാർഷിക സർവകലാശാലയിലെ വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന്റെ കീഴിലുള്ള സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കാർഷിക മേഖലയിലെ സംരംഭകർക്ക് ദിശാബോധം നൽകുന്നതിനും ആസൂത്രണം, നിർവ്വഹണം, വിപണനം, എന്നിങ്ങനെ സംരംഭകത്വത്തിന്റെ പ്രാഥമിക പാഠങ്ങൾ സ്വായത്തമാക്കുന്നതിനുള്ള **പാഠശാല – ഫാം ബിസിനസ്സ് സ്കൂൾ (നാലാമത്തെ ബാച്ച്)** ആരംഭിക്കുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ പത്തു ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടിയായിട്ടാണ് ഫാം ബിസിനസ്സ് സ്കൂൾ നടത്തുക. കൂടാതെ രണ്ടു ദിവസത്തെ പ്രാക്ടിക്കൽ ക്ലാസുകൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ഓരോ ബാച്ചിലും 20 സംരംഭകർക്കാണ് പരിശീലനം നൽകുന്നത്. ഫാം ബിസിനസ്സ് സ്കൂളിന്റെ നാലാമത്തെ ബാച്ച് 2022 ജനുവരി 10 മുതൽ ആരംഭിക്കുന്നതാണ്. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഹയർസെക്കന്ററി. 2500 രൂപയാണ് അപേക്ഷ ഫീസ്. അപേക്ഷ നൽകേണ്ട അവസാന തിയതി **ജനുവരി 03.** https://forms.gle/LEHTjK7M68FoMvE27 എന്ന രജിസ്ട്രേഷൻ ലിങ്കിലൂടെ പരിശീലന പരിപാടിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് www.kau.in / www.cti.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **0487–2371104** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## കാർഷിക നിർദ്ദേശങ്ങൾ

5. ചാലക്കുടിയിലെ ജനവാസ മേഖലകളിൽ കണ്ടുവരുന്ന പ്രാണികളെ ശേഖരിച്ച് കേരള കാർഷിക സർവ്വകലാശാലാ വിദഗ്ധസംഘം നടത്തിയ പരിശോധനയിൽ കാഞ്ഞിരപ്പള്ളി ഐ എച്ച് ഡി പി കോളനി പരിസരത്ത് നിന്നും നിരുപദ്രവകാരികളായ ബാർക്ക് ലൈസിനേയും മുനിപ്പാറ കോളനിയിൽ നിന്നും മാൻ ഈച്ചകളേയും കണ്ടെത്തി. പെൺ മാനീച്ചകൾ കന്നുകാലികളുടേയും മനുഷ്യരുടേയും വന്യമൃഗങ്ങളുടേയും രക്തം കുടിച്ച് ജീവിയ്ക്കുന്നവയാണ്. ഇവയുടെ കടി വേദനാജനകമാണ്. അലർജ്ജിയ്ക്ക് കാരണമാകാം. ചർമ്മത്തിൽ ചുവപ്പ് നിറത്തിലുള്ള തടിപ്പുകൾ, കുമിളകൾ, വീക്കം എന്നിവയുണ്ടാക്കും.

**മുൻകരുതലുകളും നിയന്ത്രണമാർഗങ്ങളും**

- അഴുക്കുചാലുകളിൽ കെട്ടികിടക്കുന്ന മാലിന്യങ്ങളും വെള്ളവും ശരിയായ രീതിയിൽ നീക്കം ചെയ്യുകയും വെള്ളക്കെട്ട് ഒഴിവാക്കുകയും ചെയ്യുന്നതിലൂടെ ഇവയുടെ പ്രജനനം കുറയ്ക്കാൻ കഴിയും.
- മുതിർന്ന ഈച്ചകളെ ആകർഷിച്ച് നിയന്ത്രിയ്ക്കുന്നതിനായി വീട്ടിനു ചുറ്റും നീല പശക്കെണികൾ സ്ഥാപിയ്ക്കാവുന്നതാണ്. ഇതിനായി തെളിഞ്ഞ നീല നിറത്തിൽ പെയിന്റ് ചെയ്തിട്ടുള്ള 6 ഇഞ്ച് വ്യാസമുള്ള ബക്കറ്റുകളിൽ പശ പുരട്ടി 3-4 അടി ഉയരത്തിൽ നാട്ടിയ കാലുകളിൽ കമഴ്ത്തി വെക്കുക. കെണിയുടെ ചലനം, നിറം, വലിപ്പം തുടങ്ങിയവ ഈച്ചകളെ ആകർഷിക്കുമെന്നതിനാൽ ഇത്തരം കെണികൾ വളരെ ഫലപ്രദമാണ്. ബക്കറ്റിനുപകരം തെളിഞ്ഞ നീല നിറത്തിൽ പെയിന്റ് ചെയ്തിട്ടുള്ള പ്ലാസ്റ്റിക് പന്തുകളും ഉപയോഗിയ്ക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം